## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3674 | 23.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ഹോട്ടൽ ഭക്ഷണത്തിന് അമിത വില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തു ജി.എസ്.ടി. വരുന്നതിന് മുമ്പ് ഹോട്ടൽ ഭക്ഷണത്തിന് ഉണ്ടായിരുന്ന നികുതി ഘടന വിശദമാക്കാമോ; | (എ) | 'വാറ്റ്' നിലവിലുണ്ടായിരുന്ന സമയത്ത് പാകം ചെയ്ത ഭക്ഷണത്തിന് വിറ്റുവരവിന്റെ അരശതമാനം കോമ്പൗണ്ടിംഗ് നികുതിയായി അടയ്ക്കണമായിരുന്നു. ഇത്തരക്കാർക്ക് വിറ്റുവരവിന് പരിധിയില്ലായിരുന്നു. ഇവർക്ക് ഭക്ഷണനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കുമായിരുന്നില്ല. കൂടാതെ ശീതീകരിച്ച ഭക്ഷണശാലകളിൽ ഭക്ഷണവിലയുടെ 40% ന് മേൽ 15% സേവന നികുതി കേന്ദ്രസർക്കാർ ഈടാക്കിയിരുന്നു. എന്നാൽ കേരളത്തിൽ ഇത് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ നടപ്പിലായില്ല. |
| (ബി) | ജി.എസ്.ടി വന്നതിനുശേഷം ജനങ്ങളിൽ നിന്ന് ഈടാക്കുന്ന നികുതി എത്ര വീതമാണ്; | (ബി) യും (സി) യും | 75 ലക്ഷം രൂപ വിറ്റുവരവുള്ള ഹോട്ടലുകൾക്ക് ജി.എസ്.ടി യിൽ കോമ്പോസിഷൻ സ്കീം സ്വീകരിക്കാവുന്നതും ഇതനുസരിച്ച് വിറ്റുവരവിന്റെ 5% നികുതി (2.5% സി.ജി.എസ്.ടി, 2.5% എസ്.ജി.എസ്.ടി) അടയ്ക്കേണ്ടതുമാണ്. എന്നാൽ ഇത് ജനങ്ങളിൽ |
| (സി) | ജി.എസ്.ടി ഇനത്തിൽ നൽകേണ്ട മുഴുവൻ നികുതി തുകയും ഉപഭോക്താവ് തന്നെയാണോ നൽകേണ്ടത് | | |

| | | | |
|---|---|---|---|
| | എന്നറിയിക്കാമോ? | | നിന്ന് പിരിച്ചെടുക്കാവുന്ന നികുതിയല്ല. കോമ്പോസിഷൻ വ്യവസ്ഥയില്ലാതെ നികുതി അടയ്ക്കുന്നവർക്ക് നോൺ എസി റസ്റ്റോറന്റുകളിൽ 12%-ഉം, എസി റസ്റ്റോറന്റുകളിൽ 18%-ഉം ആണ് നികുതി. ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന നികുതി ഇവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കും. "കോമ്പോസിഷൻ സ്കീം" സ്വീകരിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഉപഭോക്താവിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**